

# ഇതൾ

ജി എച്ച് എസ് എസ് കൊട്ടില

അക്ഷരങ്ങളുടെ ലോകത്തേക്ക്
ചിറകു വിരിച്ച് പറന്നുവന്ന കൊച്ചു പൂമ്പാറ്റകളേ
പൂക്കളുടെ ഇതളുകൾ ചേർന്ന ഓരോ
ശലഭങ്ങളും സന്തോഷത്തോടെ പറന്ന്
ഉയരുന്നത് പോലെ സൃഷ്ടികളുടെ
ഭാവനാലോകത്തേക്ക് വലതുകാൽ വച്ച്
കലാവാസനകൾ പീലിവിടർത്താൻ
സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് .

ഹെഡ്മിസ്ട്രസ്.

# <u>വായനാ വസന്തം</u>

ഈ വായനാദിനത്തിൽ അക്ഷരത്തിൽ അക്ഷരമുത്തുകൾ
കോർത്ത് ഞങ്ങളുണ്ടാക്കിയ കയ്യെഴുത്ത് മാസികയാണിത് കഥയും കവിതകളും
അനുഭവങ്ങളും ചിത്രങ്ങളും ചേർത്ത് പൊടുന്നനെ തീർത്തതാണീ ശില്പം കുരുന്നു
മനസ്സുകളുടെ സന്തോഷവും നൊമ്പരവും വ്യാകുലതകളും അതിജീവനങ്ങളും ഇവിടെ
ഇഴചേർന്നിരിക്കുന്നു പുതിയൊരു വായനാ വസന്തമെത്തുമ്പോൾ നിങ്ങളെ
തേടിയെത്തുന്ന ഈ തേൻ തുള്ളികൾ മാധുര്യം നിറഞ്ഞതാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്
നിറഞ്ഞ സ്നേഹത്തോടെ വായനയുടെ ആകാശത്ത് ചിറകുവിരിച്ചു പറക്കുന്ന ഞങ്ങളുടെ
കൊച്ചു കൂട്ടുകാർക്കുവേണ്ടി സമർപ്പിക്കുന്നു



എന്ന്

എഡിറ്റർ

# താളുകൾ
# മറയുമ്പോൾ ...


1. വിലാപം —— 1
2. അവൾ —— 2
3. എന്റെ ചങ്ങാതി —— 3
4. വായിച്ചു വളരാം —— 4
5. അങ്ങനെ ഒരു കാലം —— 5
6. സ്ത്രീ —— 6
7. മഴ —— 7
8. മറുകരതേടി —— 8
9. ചിത്രശലഭം —— 9
10. അമ്മയായ ഭൂമി —— 11
11. പ്രണയം —— 12
12. പനിനീർ —— 13
13. ഇരുട്ട് —— 14

# വിലാപം

വിലപിക്കുന്നു ഞാൻ
എൻ അച്ഛനെ പിരിയുവാൻ വയ്യാതെ

വെൺപുതപ്പണിഞ്ഞ്  ചന്ദനത്തി തൻ സുഗന്ധം
അച്ഛനെ മൂടിയപ്പോൾ ഞാൻ ഓർത്തു
അച്ഛന്റെ  വിയർപ്പിൻ സുഗന്ധം
അതൊരു സൂചിയായി എൻ കണ്ണിൽ പതിച്ചതും
അതൊരു സൂചിയായി എൻ കണ്ണീർ പതിച്ചതും
എന്നിൽ കണ്ണീർപൊടിഞ്ഞു



ഭ്രാന്തിയായ ചേച്ചിയോടിനി ഞാനെന്തോതും
എൻ അച്ഛൻ വിട്ടുപോയതറിയാതെ
മാനം നോക്കി നിൽക്കുന്ന എൻ ചേച്ചിയെ
ഓർത്തപ്പോൾ കണ്ണീർമഴയായി ഞാൻ ഉരുകി
എൻ അച്ഛൻ എന്നുണരും
വിലപിക്കുന്നു ഞാൻ ആരേയും കാണാതെ

നിനക്കിനിയാപുണ്ട് ? അച്ഛനില്ലെനിക്കമ്മയിവെനിക്ക്
എന്റെ ചേച്ചി മാത്രം ഭ്രാന്തിൻ വക്കിൽ നെടുവീർപ്പിടും
ചേച്ചി മാത്രം മറ്റാരും വേണ്ടെനിക്ക്
വിലപിക്കുന്നു ഞാൻ
എൻ അച്ഛനെ പിരിയുവാൻ വയ്യാതെ

ശ്രീനന്ദ .പി 9C

# അവൾ



അവൾ കരഞ്ഞപ്പോൾ
പൊട്ടിച്ചിരികൾ നിശബ്ദമായി...
അവളുടെ പുഞ്ചിരി നിലാവിനേക്കാൾ
തെളിച്ചമാർന്നതായിരുന്നു.
പക്ഷേ ചിരിക്കാൻ അവൾക്ക്
ഭയമായിരുന്നു.
അവളുടെ ചിറകുകൾ മഴവില്ലിനേക്കാൾ
വർണാഭമായിരുന്നു.
പക്ഷെ, രക്തവർണങ്ങളെ അവർക്ക
ഭയമായിരുന്നു.
അവളുടെ വാക്കുകൾ
വാളിനേക്കാൾ
മൂർച്ചയേറിയതാണ്.
പക്ഷെ, മുറിവേൽപ്പിക്കാൻ അവൾക്ക്
ഭയമായിരുന്നു.
അവളുടെ അക്ഷരങ്ങൾ
നക്ഷത്രങ്ങളെക്കാൾ
തിളങ്ങുമായിരുന്നു.
പക്ഷെ, രാത്രികൾ അവൾക്ക്
ഭയമായിരുന്നു.
ചിറകുവിരിച്ച് ,ഉറക്കെച്ചിരിച്ച്
നക്ഷത്രങ്ങളേക്കാൾ തിളങ്ങി,
മഴവില്ലാകാശത്തേക്ക്
അവൾ,പറക്കാൻ തുടങ്ങിയിരിക്കുന്നു.

ശ്രീനന്ദ .എൻ കെ 10B

# എന്റെ ചങ്ങാതി

ഞാൻ ഓണപ്പറമ്പ എൽ.പി. സ്കൂളിൽ മൂന്നാം ക്ലാസിൽ പഠിക്കുമ്പോ നഈമ എന്ന പെൺകുട്ടിയെ besty ആക്കി.
അന്നു മുതൽ വിട്ടുപിരിയാത്ത ബന്ധമായിരുന്നു നമുക്ക്.
ആറാം ക്ലാസിലും അത് തുടർന്നു.അഞ്ചാം ക്ലസിൽ ഞാൻ നെരുവമ്പ്രത്തേക്കും അവള് കുപ്പം യു.പി സ്കൂളിലേക്കുമാണ് പോയത്.അന്ന് നമ്മളിൽ ചെറിയൊരുഇടർച്ചയുണ്ടായി.
എന്നാലും മദ്റസിലൂടെ ആ ബന്ധം തുടർന്നു.ആറാം ക്ലാസിൽ എത്തുമ്പോഴേക്കും കൊറോണ ആയതുകൊണ്ട് ഞങ്ങൾഏഴാം ക്ലാസിലെത്തിയ മദ്റസും പൂട്ടി.
പിന്നെ ഓൺലൈൻ ക്ലാസായിരുന്നു.watsapp-ലൂടെ ആ ബന്ധം മദ്റസയും സ്കൂളും തുറക്കുന്നതു വരെ തുടർന്നു.മദ്റസിൽ എട്ടിൽ എത്തിയപ്പോഴും സ്കൂളിൽ എത്തിയപ്പോഴുമാണ് offline ക്ലാസായയത്.എല്ലാവരെകാട്ടിയും നമുക്കായിരുന്നു ഏറെ സന്തോഷം.എന്റെ september-2നുണ്ടായ birthdayക്ക് അവളെ ക്ഷണിച്ചു.അന്ന് എന്റെ ഉമ്മ cake ആക്കിയിരുന്നു.ഞാനും അവളുംകൂടി അത് മുറിക്കുകയും അവളുടെ gift എനിക്ക് നൽകുകയും സ്നേഹം പങ്കുവയ്ക്കുകയും ചെയ്തു.ഇന്നും ഈ ബന്ധം മായാതെ കിടക്കുകയാണ്.നമ്മൾ ഇന്ന് മദ്റസയിൽ 9 ലും അവൾ sir sayid സ്കൂളിൽ 8 ലും ഞാൻ ghss കൊട്ടിലയിലുമാണ് പഠിക്കുന്നത്.ഇനി മരണം വരെ ഈ ബന്ധം തുടരട്ടെ....



Rasha fathima

# വായിച്ചു വളരാം



വായിക്കു മക്കളേ ,വായിക്കു മക്കേള
വായനായെന്നൊരു ശക്തി വളരട്ടെ
വായിക്കു വായിക്കു മക്കളെ
നിർത്താതെ വായിക്കു വായിക്കു മക്കളേ
ബുദ്ധി വളരട്ടെ വിവരം വളരട്ടെ
വായിച്ചു വായിച്ചു വളരട്ടെ നമ്മൾ
വായിക്കു മക്കളെ വായിക്കു മക്കളേ
വായനയില്ലെങ്കിൽ ജിവിതമില്ല
വായിച്ചിലെങ്കിലും വളരും നമ്മൾ
വായിച്ചാലും നമ്മൾ വളരും
വായിച്ചാൽ നമ്മുടെ ജീവിതം വിളയും
വായിച്ചിലെങ്കിൽ ജീവിതം വളയും
വായിക്കു മക്കളെ ,വായിക്കു മക്കളേ
വായിക്കു മക്കളേ ,വായിക്കു മക്കളേ

വൈഗ.സി
8A

# അങ്ങനെ ഒരു കാലം

മഴക്കാലാം ആരംഭിക്കാറായി അമ്മിണി നമ്മുടെ ആ ചായക്കടഒന്നു പുതുക്കി പണിയണ്ടേ എന്ന് ചന്ദ്രേട്ടൻ പറഞ്ഞപ്പോഴാണ്ആ കാര്യം അമ്മിണിക്ക്  ഓർമ്മ വന്നത്  അത്  പണിയണം.പണിയണം.നമ്മുക്ക് നാളെ തന്നെ പണി തുടങ്ങാം.നാളയോ.അല്ലഅമ്മിണി നമ്മുടെ കയ്യിൽ പൈസ കായ്യ്ക്കണ മരോന്നുല്ല്യ കുറച്ച് കഴിഞ്ഞ് പൊളിക്കാം.എന്തായാലും ഈ ആഴ്ച്ച കഴിഞ്ഞ്അപ്പോഴേക്ക് കുറച്ചു കൂടി പൈസ ലഭിക്കും അത് വച്ച് നമ്മുക്ക് ഒരു കൊച്ചു ചായക്കട പണിയാം.ഒരു ഭാഗത്ത് ചെറിയ അടുക്കള പോലെ.ബാക്കി സ്ഥലത്ത് ആൾക്കാര് ഇരിക്കട്ടെ.അവിടെ വെക്കാൻആവശ്യമുള്ള പുതിയ മേശകളും കസേരകളും ഉണ്ടാക്കാൻ ഞാൻദാമുവിനെ ഏൽപ്പിച്ചിട്ടുണ്ട്.അത് അവൻ നോക്കിക്കോളും അതൊക്കെ പോട്ടെ സാവിത്രിക്കുട്ടി എവിടെ അവളെ കൊറേ ആയല്ലോ ഇങ്ങോട്ട് ഒക്കെ കണ്ടിട്ട്.എന്തുപറ്റി? ചന്ദ്രേട്ടാ ഇപ്പോ അവൾക്ക്

നമ്മളേയൊന്നും വേണ്ടാ. അവൾക്ക് ഇപ്പോൾ ആ ഫോൺമാത്രം മതി. ഒരു ജോലി അവള് ഞാൻ പറഞ്ഞാൽ എടുക്കുലഎന്ത് പറഞ്ഞാലും അത് കുത്തിപിടിച്ചോണ്ട് നിക്കും.ഓഅത് ശരി.അവളെ നമ്മള് പൊന്നുപോലെ നോക്കി വളർത്തി വലുതാക്കിയില്ലേ അവൾക്ക് പറയുന്ന സാധനങ്ങൾ വാങ്ങിക്കൊടുത്തില്ലേ.

ഇപ്പോ അവൾക്ക് നമ്മളെ വേണ്ടല്ലേ.സാരമില്ല അമ്മിണിയേ നമ്മക്ക് അവളെ പറഞ്ഞ് മനസ്സിലാക്കാം . അങ്ങനെഇൗ കാര്യo സഠസാരിക്കാൻ വേണ്ടി ചന്ദ്രേട്ടൻ സാവിത്രിയെ വിളിച്ചു.വിളിച്ചത് കേട്ടിട്ടു അവള് പുറത്തേക്ക് വന്നില്ല.അവസാനo ക്ഷമകെട്ട് ചന്ദ്രേട്ടൻ പോയി വഴക്ക് പറഞ്ഞു. അപ്പോൾ സാവിത്രി പറഞ്ഞു .

നിങ്ങൾ ഒരു അച്ഛനാണോ. നിങ്ങൾക്കെന്നെ വഴക്ക് പറയാൻ ഒരു അവകാശവുമില്ല

എന്റെ ആരാ നിങ്ങൾ ഞാൻ ഇനി ഒരു നിമിഷം പോലും ഇവിടെ നിക്കില്ല .എന്നെ കാത്തിരിക്കുന്ന ഒരാളുടെ അടുത്തേക്ക് ഞാൻ പോവകുന്നു . ദയവുചെയ്ത്  എന്നെ ഇനി അന്വേഷിക്കരുത് എന്നു പറഞ്ഞ് അവൾ ഇറങ്ങി പോയി . അതൊക്കെ കണ്ടപ്പോൾചന്ദ്രേട്ടനും അമ്മിണിച്ചേട്ടത്തിക്കും ഒരുപാട് വിഷമമായി. അവളെ ഇത്രയുംനോക്കിവളർത്തി ആവശ്യങ്ങളെല്ലാം നടത്തിക്കൊടുത്തു. എന്നിട്ട് പുതിയൊരാളെ കണ്ടപ്പോൾ അവൾ പോയില്ലേ. അവള് എന്നോട് ചോദിച്ചത് നീ കേട്ടോ അമ്മ ിണി നിങ്ങൾ എന്റെ  ആരാന്ന്. ചെറുപ്പകാലത്ത് അച്ഛ അച്ഛ വിളിച്ച് അടുത്തിരുന്ന കൊച്ചാ അവള് ഒരുപാട് മാറിപ്പോയിരിക്കുന്നു. ആ ഫോൺ കാരണം.  കാലത്തിന്റെ ഒാരോരു പോക്കേ. നമ്മള് സഹിക്കുവ അല്ലേ അമ്മിണി. നമ്മളെ വേണ്ടാത്തവരെ നമ്മള് നിർബന്ധിക്കണ്ട അത് ചിലപ്പോ അവരിക്ക് ഇഷ്ടായില്യാന്ന് വരും. നമ്മക്ക് നമ്മള്   മതിയെടി എന്ന് സങ്കടം അടക്കിപ്പിടിച്ച് ചന്ദ്രേട്ടൻ പറഞ്ഞു. അങ്ങനെ ഇവരുടെ


.........കഥയ്ക്ക് അവസാനമില്ലാതെ പുഴപോലെ അത് ഒഴുകി കൊണ്ടേ ഇരിക്കുന്നു

ദിയ പി 9C



# സ്ത്രീ

ഭ്രാന്തിയായ് പൊട്ടിയായ് പീഡനങ്ങളേറ്റിതാ കിടക്കുന്നു-
മണ്ണിൻ പുതപ്പുമായി.
കാലമേ നിനക്ക് വേണ്ടി ഇതാ മറ്റൊരിര കൂടി.
പാരിൻ പാരിജാതം പോലെ
പാതയിൽ പാദമുദ്രയായ്
അവൾ കടന്നു പോയിടുന്നു.
ഇനിആര് ഇനിആര് എന്നൊരു ചോദ്യമോതാതെ-
അവളാണ് സ്ത്രീ
അവളാണ് സ്ത്രീ
നോവുന്ന യാദനകളും തീരാത്ത കണ്ണീരും അടക്കിപിടിച്ചവൾ
എവിടെയാണ് എവിടെയാണിവർക്ക് സ്വാതന്ത്ര്യം
കെട്ടടങ്ങുന്ന ജീവിതയാത്രയിലവൾ ഓടിമറയുന്നു
വിൽക്കുവാൻ നിരത്തിയ പാവകളെ പ്പോലെ
വളർത്തുന്നിതവരെ ചിലരെങ്കിലും
കെട്ടിയ താലിച്ചരടിൽ ഹോമിക്കുന്നൊരു ജീവൻ
തേങ്ങുന്നു തേങ്ങുന്നു ആത്മനിദ്രയിൽ അടക്കിപ്പിടിച്ച-
മനസ്സുമായി
ഇവളാണ് സ്ത്രീ
ഇവളാണമ്മ
ഇവളാണ് ദേവി
പ്രപഞ്ചം തന്നെ ഇവളല്ലൊ എന്നറിയുന്നില്ലല്ലോ സത്യം
അമ്മതൻ പൈതലാണെല്ലാമെങ്കിലും ആരും-
തിരിച്ചറിന്നില്ലമ്മതൻ സ്വപ്നം
ഇനിയെങ്കിലും മനസ്സിലാക്കു നിങ്ങൾ ഇവർതൻ-
വേദനകൾ ഒടുങ്ങലുകൾ
തൊട്ടാൽ വാടുന്ന തൊട്ടാവാടിപോൽ മറ്റാരുതി ജീവീതം.
അവൾ ഒഴുകുന്നു പരിശുദ്ധയാം ഗംഗപോലെ
ആണധികാരത്തിൻ കല്പന വാഴുമ്പോൾ അവൾ തൻ-
മനസ്സ് ആരറിയും
ഇവനറിയുമോ അല്ല അവനറിയുമോ ഇല്ല ഞാനറിയുമൊ-
അവൾ തൻ മനസ്സ്.
അവളുടെ മനസ്സ് ആരറിയും
എങ്കിലും ഒരു വാക്ക് ചോദിച്ചാൽ അവൾ തൻ മനസ്സ് തുറക്കും.
അത്രയും നിഷ്കളങ്കയാണൾ തൻ മനസ്സ്
ജീവിതഭാരങ്ങൾ തേങ്ങുമെങ്കിലും അവൾക്ക് വേതനം കുറവല്ലോ
ഇനി എന്ന് ഇനി എന്ന് അവൾക്ക് സമത്വം
ലോകമേ നിങ്ങൾ പ്രതികരിക്കുക
തുല്യ സമത്വം തുല്യ വേതനം എല്ലാം തുല്യം
സ്ത്രീ എന്ന വംശത്തിൽ വിധിയെന്നാലോചിച്ച് തളരരുത് നിങ്ങൾ
പൊരുതുക പൊരുതുക ആവോളം പൊരുതുക



അശ്വൈക് അശോകൻ
9 A

# മഴ


മാനം കറുത്തിരുണ്ടു
മയിൽ പീലികൾ വിടർത്തിനൃത്തം വച്ചു
പേക്രോം പേക്രോം തവളകൾ പാടി
മഴത്തുള്ളി ഭൂമിക്ക് കുളിർമ നൽകി
കുളിർകാറ്റ് പാടത്തെ തഴുകി ഉണർത്തി
ഇടിമിന്നലാരവങ്ങൾ മുഴുങ്ങി
മഴമേഘമൊരാനന്ദാഘോഷം



# മറുകരതേടി.....

പിന്നെയും യാത്ര തുടർന്നു...
വിടരാൻ കൊതിക്കുന്ന പൂമൊട്ടുപോലെ...
നിറയെ സ്വപ്നങ്ങളുമായി...
കൂട്ടരെ കാണാൻ
മധുരം നുണയാൻ
കുസൃതി കാട്ടാൻ
അരിമണി പേറാൻ
നിരതെറ്റിയോടാൻ
ഇലയും പൂവും പോലെ ഒളിച്ചു കളിക്കാൻ
ഇലക്കൂട്ടിനുള്ളിൽ മനക്കോട്ടകെട്ടി
പുറത്തു വന്നപ്പോൾ
മഴവില്ലിൻ നിറം മങ്ങും പോലെ....
ചാലിച്ചെടുത്ത വർണങ്ങൾ
ഒന്നൊന്നായി ഒലിച്ചുപോകാൻ തുടങ്ങി
മഴവെള്ളപ്പാച്ചിലിൽ ഒരിലയെ കാത്ത്
മറുകരതേടി യാത്ര തുടരുന്നു.......


ശ്രീനന്ദ .എൻ.കെ
10B

# ചിത്രശലഭം

എനിക്കായ് വന്നൊരീ ശലഭമെൻ
പുഷ്പത്തിൽ
ചെറുതേൻ നുകരാനെത്തിടുന്നു.
പുള്ളിച്ചിറകുമായ് വാനിലുയർന്നിതാ
പുഷ്പത്തെ നോക്കിച്ചിരിച്ചിടുന്നു.
ശലഭം തന്നുടെ ജീവിത ദുഃഖങ്ങളെ
ല്ലാം മറന്നിന്നാനന്ദിക്കുന്നു
ചെറുനറു പുഷ്പത്തിന്നി
തളുകൾ പൊഴിയും പോൽ
ദിവസങ്ങളേറെ കടന്നുപോയി
എൻ അങ്കണച്ചെടിയിലെ
കൊച്ചിലയ്ക്കടിയിലിന്നൊരുചെറു
പിടഞ്ഞുവീണു
ജീവിത ശാഖതൻ ചില്ലയെടിഞ്ഞപോൽ
എൻകൊച്ചുജീവിതം ബാക്കിയായി
ഒരു ചെറുപുഞ്ചിരിതന്നിട്ടു നീയി
ഒരുപിടി മണ്ണിലലിഞ്ഞതല്ലേ
നിന്നോർമ എന്നുള്ളിലെന്നുമീനോവിൽ
കണ്ണീരാഴിയിലലിഞ്ഞു ചേർന്നു
എന്നടുത്തേക്കുനീ വന്നുകൂടേ
എനിക്കായ് വാനിലുയർന്നുകൂടേ



സ്നേഹ കെ

# അമ്മയായ ഭൂമി

നഷ്ടമാവുകയാണ് നമുക്ക് ഭൂമിയെ
മനുഷ്യർ നശിപ്പിക്കുകയാണ്
അമ്മയായ പ്രകൃതിയെ
മരങ്ങൾ വെട്ടിയും ചെടികൾ നശിപ്പിച്ചും
ജലാശയങ്ങൾ മണ്ണിട്ടു മൂടിയും
വനങ്ങൾ വെട്ടിനശിപ്പിച്ചും കൊണ്ടിരിക്കുന്നു
ചവറുകളുടെ കൂനകൾ കൊണ്ട് മൂടിയിരിക്കുകയാണ്
പവിത്രമായ ഭൂമിയെ
എങ്ങോട്ടു നോക്കിയാലും പ്ലാസ്റ്റിക്കുകൾ
ജീവജാലങ്ങൾക്ക് ഭീഷണിയാണിതെന്ന്
ഓർക്കണം നമ്മൾ
നശിപ്പിക്കാതിരിക്കുക ഭൂമി മാതാവിനെ
വീണ്ടെടുക്കാം നമുക്ക് പ്രകൃതിയെ



വൈഗ സി

8A

# പ്രണയം

പ്രണയിച്ചിക്കുന്ന നിന്നെ ഞാൻ ഓമനേ
ഒരു  മനോഹര സ്വപ്നമായ്
വൃക്ഷത്തിലെ ചെറുശാഖകളായി നാം
ചെറുകാറ്റിൽ ആടിയുലഞ്ഞതും കിന്നരിച്ചതും
ഓർക്കുന്നുവോ...
ആദി പ്രകൃതിയിൽ സ്ത്രീയും പുരുഷനും
പരസ്പരം ചൊരിഞ്ഞൊരു മധുരം
നമ്മെ അനന്തമാം ആകാശ  വീഥിയിൽ പാറി
പറത്തുന്ന മധുരം പ്രണയം
ഹൃദയങ്ങൾ കോർത്തിണക്കിയ പ്രണയം
പൂവിന് പൂന്തേൻ പോലെ
മധുരിക്കുമാ പ്രണയം
ഹൃദയങ്ങൾ തമ്മിൽ ഇണ ചേർക്കുമീ പ്രണയം
പൊട്ടിച്ചെറിഞ്ഞു നീ പോയനാൾ
എൻ ഹൃദയംതകർന്നു പോയ്
തമസ്സിൽ അകപ്പെട്ടു ഞാനും
ഗതിയെ മുന്നോട് നയിച്ചതും തകർത്തതും നീയല്ലൊ
തീയാണ് പ്രണയം
തീയിൽ വാടുന്ന ഇലയാണ് പ്രണയം
വർണ്ണങ്ങൾ വറ്റുമാ കണ്ണുമായി
ഇന്നു ഞാൻ ഏകനായി.



അദ്വൈക് അശോകൻ
9A

# പനിനീർ

പനിനീർച്ചെടിതൻ ഇടയിലൂടെ
ഒരുകൊച്ചുപുഷ്പം എത്തി നോക്കി
പൂവിൻ സുഗന്ധമി കുളിരും പകലിൽ
എൻ അങ്കണം മുഴുവൻ നിറഞ്ഞുനിന്നു
ആസുഗന്ധത്തിൽ മയങ്ങി നിന്നൊരു
മന്ദമാരുതൻ തഴുകി പൂവിൽ
തൻ മുഖമൊന്നുയർത്തിപ്പിടിച്ചു
സൂര്യനെ നോക്കി പുഞ്ചിരിച്ചു
തൻ നിറം മങ്ങി വാടിത്തളർന്നു
ഒരു ചെറുകാറ്റു വന്നീ പൂവിന്റെ
ഇതളുകളത്ര്രയും കൊഴിച്ചിട്ടു
എങ്കിലും ആ പുഷ്പത്തിൽ പ്രത്യാശ
ഇനിയൊരു ജന്മം വീണ്ടും ജനിക്കും



നന്ദന കെ

# ഇരുട്ട്

ഇരുട്ട് എങ്ങും ഇരുട്ട്
ഭയമാണെനിക്കി ഇരുട്ടിനെ
ഭയമാണെനിക്കി ഇരുട്ടിനെ
പകലിൽ മറനീക്കി വന്നണയുമൊരു തമസ്സിനെ-
ഭയമാണെനിക്ക്.
നീറുമൊരു നോവാണെനിക്കി ഇരുട്ട്
ഭ്രാന്തമാം ചിന്തതൻ കരങ്ങളാൽ ഇന്നെന്നെ-
മയക്കി കിടത്തി.

ഭ്രാന്തമായുള്ളൊരു അജ്ഞാതവിഥിയിൽ
ഒറ്റയ്ക്കിരിക്കുന്ന നേരത്ത് കണ്ടു ഞാനാ കറുപ്പിനെ
മറവായി നോവായി മാറുമി ഇരുട്ടിനെ ഭയമാണെനിക്ക്
ഇരുട്ടിൻ മടിത്തട്ടിൽ ഒറ്റപ്പെട്ടതല്ല ഞാനായൊരിക്കലും
ഞാനുമാ ഇരുട്ടിൽ ലയിച്ചു പോയി.

ഇരുട്ടിൻ മറവിൽ ഒരു ശബ്ദം കേട്ടുഞാൻ
ചിറകടിക്കും ചീവീടുകളും കൂമന്റെ മൂളലും
ഇരുട്ടിൻ നിശബ്ദതയിൽ എന്നെ ഭയപ്പെടുത്തും.

യാമങ്ങൾ പിന്നിടവെ രാത്രി നിശബ്ദമാവും
പുസ്തകത്താളുകൾ വായിച്ചിടുമ്പോൾ
പുതുലോകങ്ങൾ കീഴടക്കും
ആ വെളിച്ചത്തിൽ എൻ അന്ധകാരവും മറഞ്ഞിടും
എൻ മനസ്സിൽ അറിവിൻ വെളിച്ചമായ് അർക്കനുദിക്കും

ഇരുട്ടിനെ തുളയ്ക്കും വെളിച്ചമാണെനിക്കറിവ്
എന്നന്ധകാരം മറയ്ക്കാൻ എനിക്കറിവ് വേണം
നിങ്ങൾ ഭയക്കരുത് ഈ തമസ്സിനെ
നിങ്ങൾ ഭയക്കരുത് ഈ തമസ്സിനെ

അദ്വൈക് അശോകൻ
9A